## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 624 — 3.3.2020 -ൽ മറുപടിയ്ക്ക്

### വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി |
|---|---|---|
| | സംസ്ഥാനത്ത് കഴിഞ്ഞ വർഷം വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്നും വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | 2019 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 16.48%ഉം, വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84%ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.<br>വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>• ചാമ്പ്യൻസ് ബോട്ട് ലീഗ് (ലീഗ് അടിസ്ഥാനത്തിൽ വള്ളംകളി മത്സരങ്ങൾ)<br>• ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം<br>• ദേശീയ അന്തർദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ<br>• ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി FAM ടൂറുകൾ സംഘടിപ്പിക്കൽ<br>• അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ<br>• ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ് |

| | | | |
|---|---|---|---|
| | | | • സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും<br>• ബ്ലോഗ് എക്സ്പ്രസിന്റെ തുടർച്ച<br>• 'Human by nature' എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ<br>• MICE, വെഡിങ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരം<br>• ആയുർവേദ, ഹൗസ്ബോട്ട്, ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ പദ്ധതികളുടെ നവീകരണം<br>• സാഹസിക ടൂറിസം സംരംഭങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ രൂപീകരണം |

സെക്ഷൻ ഓഫീസർ